LIGHTED TO ENLIGHTEN
NAVAJYOTHI COLLEGE CHERUPUZHA

# നവജ്യോതി

LIGHTED TO ENLIGHTEN

നമ്മുടെ കോളേജിന്റെ വാർത്താജാലകം

Volume:4, Issue:9

ഫെബ്രുവരി 29 വ്യാഴം 2024

## യൂണിവേഴ്സിറ്റി കലോത്സവത്തിൽ മികച്ച നേട്ടവുമായി നവജ്യോതി

സുഭഗ സുഭാഷ്

കാസർകോട് മുന്നാട് പീപ്പിൾസ് കോളേജിൽ വെച്ച് നടന്ന യൂണിവേഴ്സിറ്റി കലോത്സവത്തിൽ മികച്ച നേട്ടവുമായി നവജ്യാതി കോളേജിലെ വിദ്യാർത്ഥികൾ. രണ്ടാം വർഷ ബി എ ഇക്കണോമിക്സ് വിദ്യാർത്ഥി വൈശാലി രവീന്ദ്രൻ പോസ്റ്റർ രചനയിൽ രണ്ടാം വർഷവും ഒന്നാം സ്ഥാനവും എ ഗ്രേഡും കരസ്ഥമാക്കി. മൂന്നാം വർഷ ബികോം വിദ്യാർത്ഥി ആനന്ദ് ഗോപിനാഥൻ ജലച്ചായത്തിൽ മൂന്നാം സ്ഥാനവും എ ഗ്രേഡും കരസ്ഥമാക്കി. രണ്ടാംവർഷ ബി എക്കണോമിക്സ് വിദ്യാർത്ഥി ക്രിസ്റ്റി സി ജെയും രണ്ടാം വർഷ ബി എ ഇംഗ്ലീഷ് വിദ്യാർഥി മുഹമ്മദ് മിൻഹാജും ഡിബേറ്റിൽ എ ഗ്രേഡ് കരസ്ഥമാക്കി. ക്രിസ്റ്റി സി ജെ മലയാള പ്രസംഗം മത്സരത്തിൽ എ ഗ്രേഡ് കരസ്ഥമാക്കി. വട്ടപ്പാട്ടിൽ ഷഫീഖ്, അജ്മൽ, മുഹമ്മദ് സമീഹ്, ഇഷാം, മുഹമ്മദ് റഫീൻ, സഫ്‌വാൻ, അൽത്താഫ് എൻ , ജസീൽ കെ.കെ, മുഹമ്മദ് ഷാമിൽ, സിയാദ് ആദം എന്നിവരും എ ഗ്രേഡ് കരസ്ഥമാക്കി.



വൈശാലി രവീന്ദ്രൻ



ആനന്ദ് ഗോപിനാഥൻ



വട്ടപ്പാട്ട് ടീം

### ഫുട്ബോൾ ടൂർണ്ണമെന്റ്

## ബികോം ഫിനാൻസ് ജേതാക്കൾ

കാർത്തിക് കെ എസ്

കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 14,15 തീയതികളിൽ ഫുട്ബോൾ ടൂർണ്ണമെന്റ് (ഗോളടി) സംഘടിപ്പിച്ചു. ഡിപ്പാർട്ട്മെന്റ് തലത്തിലാണ് ടൂർണമെന്റ് സംഘടിപ്പിച്ചത്. രണ്ടുദിവസം നീണ്ടുനിന്ന ടൂർണമെന്റിൽ ബികോം ഫിനാൻസ് ഒന്നാം സ്ഥാനവും, ബി കോം കോർപ്പറേഷൻ രണ്ടാം സ്ഥാനവും നേടി. രണ്ടാംവർഷ ബികോം ഫിനാൻസ് വിദ്യാർത്ഥി മുഹമ്മദ് റാഫി ബെസ്റ്റ് പ്ലെയർ പുരസ്കാരവും മൂന്നാം വർഷ ബി കോം കോർപ്പറേഷൻ വിദ്യാർത്ഥി അലക്സ് ബെസ്റ്റ് കീപ്പർ പു രസ്കാരവും രണ്ടാം വർഷ ബികോം ഫിനാൻസ് വിദ്യാർത്ഥി അഷ്ഫാഖ് എം ടോപ് സ്കോറർ പുരസ്കാരവും കരസ്ഥമാക്കി. പരിപാടിക്ക് കോളേജ് ഡയറക്ടർ ഫാ.സിജോയ് പോൾ ജനറൽ ക്യാപ്റ്റൻ ഷാമിൽ, ഫാ. ജ്യോതിസ് എന്നിവർ




## രക്തദാന ക്യാമ്പ് നടത്തി

ഫാത്തിമത്ത് റംഷീന

നവജ്യോതി കോളേജ് എൻഎസ്എസ് യൂണിറ്റും ബ്ലഡ് ഈസ് റെഡ് കൂട്ടായ്മയും കണ്ണൂർ ജില്ലാ കമ്മിറ്റിയും സംയുക്തമായി ബേബി മെമ്മൊറിയൽ ഹോസ്പിറ്റൽ ബ്ലഡ് ബാങ്കിലേക്ക് രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. ഫെബ്രുവരി 16 വെള്ളിയാഴ്ച്ച രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 12:30 വരെ സംഘടിപ്പിച്ച രക്തദാന ക്യാമ്പ് ഫാ.സിജോയ് പോൾ ഉദ്ഘാടനം ചെയ്തു.

50 കുട്ടികൾ പങ്കെടുത്ത ക്യാമ്പിൽ കോളേജ് പ്രിൻസിപ്പാൾ ഡോ. കെ കെ സോമശേഖരൻ അധ്യക്ഷ സ്ഥാനം വഹിച്ചു.

പരിപാടിയിൽ പ്രോഗ്രാം ഓഫീസർ മഞ്ജുഷ കെ ബി, ബ്ലഡ് ഈസ് റെഡ് കൂട്ടായ്മ സംസ്ഥാന സെക്രട്ടറി അരുൺ എ പെരിങ്ങോം, അസി. പ്രോഗ്രാം ഓഫീസർ രജിത കെ, ക്രിസ്റ്റി സി ജെ (വാളണ്ടിയർ) തുടങ്ങിയവർ സംസാരിച്ചു.




രക്തദാന ക്യാമ്പ് ഉദ്ഘാടനം

## വ്യത്യസ്തമായി ഇലയും കമ്പും

ഫ്ളോറ നേച്ചർ ക്ലബ്ബ് നവജ്യോതി കോളജിലെ വിദ്യാർഥി കൾക്ക് വേണ്ടി ഇലയും കമ്പും എന്ന പേരിൽ ആർട്ട് മത്സരം സംഘടിപ്പിച്ചു. പ്രകൃതിയെ അടുത്തറിയാൻ വേണ്ടി സംഘടിപ്പിച്ച ഈ മത്സരത്തിൽ രണ്ടുപേരടങ്ങിയ പന്ത്രണ്ട് ടീമുകൾ പങ്കെടുത്തു. മത്സരത്തിൽ അനഘ ബൈജു & അതുൽ കൃഷ്ണ എന്നിവരുടെ ടീം ഒന്നാം സ്ഥാനവും (400) ക്രിസ്റ്റി സി ജെ & ഫാത്തിമത്ത് തഷ്രീഫ എന്നിവർ രണ്ടാം സ്ഥാനവും (300) ഫാത്തിമത്ത് റംഷീന & ആദിത്യ ഇ എന്നിവർ മൂന്നാം സ്ഥാനവും നേടി (200).

## മിനുക്ക് മത്സരം





ഫ്ളോറ നേച്ചർ ക്ലബ്ബ് ഫെബ്രുവരി ഒന്നിന് നവജ്യോതിയിലെ വിദ്യാർത്ഥികൾക്കായി മിനുക്ക് എന്ന പേരിൽ ഫേസ് ആർട്ട് മത്സരം സംഘടിപ്പിച്ചു. കോളജിൽ നിന്നും രണ്ടുപേരടങ്ങിയ പതിനൊന്ന് ടീമുകൾ മത്സരത്തിൽ പങ്കെടുത്തു. കോളജ് ക്യാന്റീൻ പരിസരത്ത് വെച്ച് നടന്ന മത്സരത്തിൽ സിൽവിയ സോയി & അനഘ ബൈജു (ഒന്നാം വർഷ ബി കോം ഫിനാ ൻസ്), ജുമാന ഹസീൻ എ & സുഭഗ സുഭാഷ് (രണ്ടാം വർഷ ബി ഇ ഇംഗ്ലീഷ്) എന്നീ ടീമുകൾ ഒന്നാം സ്ഥാനം നേടി (600). റോസ്ന ചാക്കോ (ഒന്നാം വർഷ ബി ബി എ) & വൈശാലി രവീന്ദ്രൻ (രണ്ടാം വർഷ ബി എ ഇക്കണോമിക്സ്), ജിബിൻ ജോസഫ് & അരുൺ ബാബു (മൂന്നാം വർഷ ബി കോം കോ-ഓപ്പറേഷൻ) എന്നീ ടീമുകൾ രണ്ടാം സ്ഥാനം നേടി (400). നന്ദന മനോജ് & നിവ്യ കെ പി (മൂന്നാം വർഷ ബി ഇ ഇംഗ്ലീഷ്) ടീം മൂന്നാം സ്ഥാനവും കരസ്ഥമാക്കി (250).

## എഡിറ്റോറിയൽ

### പുൽവാമ ആക്രമണത്തിന് 5 വർഷം

2019 ഫെബ്രുവരി 14 ന്, ജമ്മു കാശ്മീരിലെ പുൽവാമയിൽ സെൻട്രൽ റിസർവ് പോലീസ് ഫോഴ്സ് (സിആർപി എഫ്) സൈനികരുടെ വാഹനവ്യൂഹത്തെ ലക്ഷ്യമിട്ട് ജെയ്ഷെ മുഹമ്മദു മായി (ജെഎം) ബന്ധമുള്ള ചാവേർ ബോം ബർ ആക്രമണം നടത്തിയതിനാൽ, ഇന്ത്യ അതിന്റെ ചരിത്രത്തിലെ ഏറ്റവും മാരകമായ ഭീകരാക്രമണത്തിന് സാക്ഷ്യം വഹിച്ചു. . ആക്രമണത്തിൽ കുറഞ്ഞത് 40 സിആർപിഎഫ് ജവാന്മാരുടെ ജീവൻ അപഹരിക്കുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു, ഇത് രാജ്യത്തുടനീളം രോഷവും ദുഃഖവും ഉളവാക്കി. അതിനുശേഷം, രക്തസാക്ഷികളുടെ ത്യാ ഗത്തെ അനുസ് മരിക്കാനും തീവ്രവാദ ഭീഷണിയെ അപലപിക്കാനും ഇന്ത്യ ഫെബ്രു വരി 14 'കറുത്ത ദിനം' ആയി ആചരിക്കുന്നു.

ജമ്മു-കശ്മീർ ദേശീയ പാതയിൽ ജമ്മുവിൽ നിന്ന് ശ്രീനഗറിലേക്ക് സിആർപിഎഫ് വാഹനവ്യൂഹം പോകുന്നതിനിടെ പ്രാദേശിക സമയം ഉച്ചകഴിഞ്ഞ് 3:15 ഓടെയാണ് പുൽവാമ ആക്രമണം ഉണ്ടായത്. 2,500 ഓളം ഉദ്യോഗസ്ഥരുമായി 78 വാഹനങ്ങൾ ഉൾപ്പെട്ടതായിരുന്നു വാഹനവ്യൂഹം. വാഹനവ്യൂഹം അവന്തിപ്പോരയ്ക്കടുത്തുള്ള ലെത്പോരയിൽ എത്തിയപ്പോൾ സ്ഫോടകവസ്തുക്കൾ നിറച്ച കാർ ബസുകളിലൊന്നിലേക്ക് ഇടിച്ചുകയറി വൻ സ്ഫോടനമുണ്ടായി. 2018-ൽ ജെ.ഇ.എമ്മിൽ ചേർന്ന നാട്ടുകാരനായ ആദിൽ അഹമ്മദ് ദാർ എന്ന 20കാരനാ ണ് കാർ ഓടിച്ചിരുന്നത്. സ്ഫോടനത്തിന്റെ ആഘാതം വളരെ ശക്തമായിരുന്നു, അത് ബസ്സിനെ ഒരു ലോഹ കൂമ്പാരമാക്കി മാറ്റുകയും മറ്റ് നിരവധി വാഹനങ്ങൾക്ക് തീയിടുകയും ചെയ്തു. ആക്രമണത്തിൽ 40 സിആർപിഎഫ് ജവാന്മാർ കൊല്ലപ്പെടുകയും നിരവധി പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. ആക്രമണത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത് ജെയ്എം ദാറിന്റെ വീഡിയോ പുറത്തുവിട്ടു, അദ്ദേഹം സ്വയം 'ഫിദായീൻ' (സ്വയം ത്യാഗം ചെയ്യുന്നവൻ) എന്ന് വിളിക്കുകയും ഇന്ത്യയ്ക്കെതിരെ കൂടുതൽ ആക്രമണങ്ങൾ നടത്തുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു.

- എഡിറ്റർ

## പുസ്തക അവലോകനം നടത്തി സ്റ്റുഡന്റ്സ് ഐ ക്യു എ സി




**അതുൽ കെ ആർ**

സ്റ്റുഡന്റ്സ് ഐ ക്യു എ സിയുടെ നേതൃത്വത്തിൽ ഫെബ്രുവരി 19 തിങ്കളാഴ്ച ഉച്ചക്ക് 1:30 ന് സെമിനാർ ഹാളിൽ വെച്ച് പുസ്തക അവലോകന മത്സരം സംഘടിപ്പിച്ചു. വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്ന് ആറുപേർ പങ്കെടുത്ത മത്സരത്തിൽ രണ്ടാം വർഷ ബി എ ഇംഗ്ലീഷ് വിദ്യാർത്ഥി മുഹമ്മദ് മിൻഹാജ് പി എസ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. രണ്ടാം വർഷ ബികോം കോ-ഓപ്പറേഷൻ വിദ്യാർത്ഥിനി അശ്വതി രാജേഷ് രണ്ടാം സ്ഥാനവും, രണ്ടാം വർഷ ബി എ ഇക്കണോമിക്സ് വിദ്യാർത്ഥിനി വൈശാലി രവീന്ദ്രൻ മൂന്നാം സ്ഥാനവും നേടി.

മത്സരാർത്ഥികളുടെ ഇഷ്ടാനുസരണം പുസ്തകങ്ങൾ തെരഞ്ഞെടുത്ത് അതിന്റെ അവലോകനം പറയുക എന്നതായിരുന്നു മത്സരം.

## ഫ്ളോറ ബംബർ

ഫ്ളോറ നേച്ചർ ക്ലബ്ബ് അതിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി ഫണ്ട് ശേഖരിക്കാൻ സമ്മാന കൂപ്പൺ പദ്ധതി നടപ്പിലാക്കി. ഫ്ലോറ അംഗങ്ങൾ ഇരുപത് രൂപ വിലയുള്ള സമ്മാന കൂപ്പണുകൾ ഒരു മാസ കാലയളവിൽ വിൽക്കുകയും ഫെബ്രുവരി 29ന് നറുക്കെടുപ്പ് നടത്തുകയും ചെയ്തു. കോളജ് സെമിനാർ ഹാളിൽ വെച്ച് നടന്ന നറുക്കെടുപ്പിന് കോളജ് പ്രിൻസിപ്പാൾ ഡോ.



കെ.കെ. സോമശേഖരൻ, അനിറ്റ് എന്നിവർ നേതൃത്വം നൽകി. നറുക്കെടുപ്പിൽ ഒന്നാം സമ്മാനമായ സ്മാർട്ട് ഫോൺ കോഴിച്ചാൽ സ്വദേശി ആൽബിൻ സി. നേടി. രണ്ടാം സമ്മാനമായ വാഷിംഗ് മെഷീൻ അരവഞ്ചാൽ സ്വദേശി തസ്നീമ പി.വി. നേടി. മൂന്നാം സമ്മാനമായ മിക്സി ഡയാന ഗോ ൾഡ് പയ്യന്നൂർ നേടി. 1000 രൂപ വിലമതി ക്കുന്ന പ്രോത്സാഹന സമ്മാനങ്ങൾ ആദർശ് ചുണ്ട, സിന്ധു ചിറ്റടി, മനീഷ ഭൂതാനം എന്നിവർ നേടി.

## സ്പെഷ്യൽ സ്കൂൾ സന്ദർശനം നടത്തി


**അതുൽ കെ ആർ**

നവജ്യോതി കോളേജ് എൻഎസ്എസ് യൂണിറ്റിന്റെ ഭാഗമായി ഫെബ്രുവരി 8 വ്യാഴാഴ്ച കാക്കയംചാൽ സ്പെഷ്യൽ സ്കൂൾ (എയ്ഞ്ചൽ ഹോം) സന്ദർശനവും പഠനോപകരണ വിതരണവും സംഘടിപ്പിച്ചു. പ്രോഗ്രാം ഓഫീസർ മഞ്ജുഷ കെ ബിയുടെയും അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസർ രജിത കെയുടെയും നേതൃത്വ ത്തിൽ ഇരുപത്തഞ്ച് കുട്ടികൾ പരിപാടിയിൽ പങ്കെ ടുത്തു. എയ്ഞ്ചൽ ഹോം സന്ദർശനം കുട്ടികൾക്ക് വ്യത്യസ്ത അനുഭവം സമ്മാനിച്ചു.




## ആരാകും ബ്രെയിൻ ഓഫ് നവജ്യോതി ?

ബ്രെയിൻ ഓഫ് നവജ്യോതിയെ കണ്ടെത്താൻ ഫ്ളോറ നേച്ചർ ക്ലബ്ബ് ബ്രെയിൻ ബാറ്റിൽ മത്സരം സംഘടിപ്പിച്ചു. ഫെബ്രുവരി പതിനാലിന് ആരംഭിച്ച ഓൺലൈൻ മത്സരം ഫെബ്രുവരി 26ന് അവസാനിച്ചു. തുടർന്ന് ഓരോ ദിവസത്തെയും ഒരുമിച്ച് ചേർത്ത് ഫൈനൽ പോരാട്ടം മാർച്ച് നാലിന് നടത്തപ്പെടും.




## പഠന യാത്രയുമായി വിവിധ ഡിപ്പാർട്ട്മെന്റുകൾ

**മുഹമ്മദ് മിൻഹാജ്**

നവജ്യോതി കോളേജിലെ വിവിധ ഡിപ്പാർട്ട്മെന്റുകളിലെ രണ്ടാം വർഷ വിദ്യാർത്ഥികൾ പഠന യാത്രകൾ സംഘടിപ്പിച്ചു. ബി കോം കോ-ഓപ്പറേഷനിലെ 28 വിദ്യാർത്ഥികളുമായി അധ്യാപകരായ സ്മൃതി ടി വി, ജെയ്മോൾ എം ടി എന്നിവരുടെ നേതൃത്വത്തിലും, ബികോം ഫിനാൻസ്, സി എ എന്നീ ക്ലാസ്സിലെ 40 വിദ്യാർത്ഥികൾ അധ്യാപകരായ ഐശ്വര്യ എസ്, ശില്പ ടി എന്നിവരുടെ നേതൃത്വത്തിൽ ഊട്ടിയിലേക്കും ബി ബി എ യിലെ 22 വിദ്യാർത്ഥികളുമായി അധ്യാപകരായ ഷിജോ ജോസ്, ഫാ. അരുൺ ജെയിംസ്, അർച്ചന പി എന്നിവർ വയനാട്, ഊട്ടിയും, ബി എ ഇംഗ്ലീഷ്, ബി എ ഇക്കണോമിക്സ് സംയുക്തമായി 18 വിദ്യാർത്ഥികളുമായി ജോമി ജോർജ്, നീതു തങ്കച്ചൻ എന്നിവരുടെ നേതൃത്വത്തിൽ വയനാട്ടിലേക്കും പഠന യാത്രകൾ സംഘടിപ്പിച്ചു.

*For private circulation only*

**പ്രിന്റ് ആൻഡ് പബ്ലിഷർ**: നവജ്യോതി കോളേജ്, ചെറുപുഴ | **ചീഫ് എഡിറ്റർ**: നീതു തങ്കച്ചൻ | **എഡിറ്റർ ഇൻ ചാർജ്**: അതുൽ കെ. ആർ | **സബ് എഡിറ്റേഴ്സ്**: ജുമാന ഹസ്സീൻ .എ, അലൻ തോമസ്, മുഹമ്മദ് മിൻഹാജ്, അതുൽ കെ. ആർ, ഏബൽ ഷാജി, റിലൻ ജോയ്, സുഭഗ സുഭാഷ്, ആദർശ് മാത്യു | **ഡിസൈൻ**: അതുൽ കെ. ആർ